നം.58349/പാർ/90/പൊ.ഭ.വ.

പൊതുഭരണ (പാർ.) വകുപ്പ്
തിരുവനന്തപുരം, 22.10.90

## സർക്കുലർ

വിഷയം:- പൊതുജനങ്ങളിൽ നിന്നും സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ കൈക്കൊള്ളുന്ന തീരുമാനം അറിയിക്കുന്നതു സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

...

നിയമസഭയുടെ ഹർജികൾ സംബന്ധിച്ച് സമിതി, അതിന്റെ 16..5..'90 ലെ യോഗത്തിൽ പരിഗണനയ്ക്കായി വന്ന ഒരു ഹർജി പരിഗണിക്കവേ, പൊതുജനങ്ങളിൽ നിന്നും സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ കൈക്കൊള്ളുന്ന തീരുമാനം എന്താണെന്ന് അവരെ അറിയിക്കുന്നതിന് എല്ലാ വകുപ്പു സെക്രട്ടറിമാർക്കും, തലവന്മാർക്കും കർശനമായ നിർദ്ദേശം നൽകണമെന്ന് ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയുണ്ടായി.

2. സർക്കാരിന്റെ, സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകളിൽ സമർപ്പിക്കപ്പെടുന്ന ഹർജിയിന്മേൽ കൈക്കൊള്ളുന്ന തീരുമാനം ഹർജിക്കാരെ അറിയിക്കണമെന്ന് അനുശാസിക്കുന്ന വ്യക്തമായ നിർദ്ദേശം തന്നെ നിലവിലുണ്ട്. (ഖണ്ഡം 106, സെക്രട്ടറിയേറ്റ് ആഫീസ് മാനുവൽ). എന്നാൽ അതിൽ നിർദ്ദേശിച്ചിരിക്കുന്നതിനു വിരുദ്ധമായി, ഹർജിക്കാർക്ക് കൃത്യമായി മറുപടി നൽകുന്നതിൽ വീഴ്ച വരുത്തുന്നതു മൂലമാണ് ഹർജികൾ സംബന്ധിച്ച് സമിതിയ്ക്ക് മേൽ സൂചിപ്പിച്ച് രീതിയിലുള്ള ഒരു തീരുമാനം കൈക്കൊള്ളേണ്ടി വന്നതെന്ന് സർക്കാർ കരുതുന്നു.

3. ഇത്തരം ഒരു സ്ഥിതി ഒഴിവാക്കാൻ, പൊതുജനങ്ങളിൽ നിന്നും സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനം എന്താണെന്ന് വീഴ്ച കൂടാതെ ഉചിതമായ രീതിയിൽ ഹർജിക്കാരെ അറിയിക്കേണ്ടതാണെന്ന് നിലവിലുള്ള നിർദ്ദേശം മേലിൽ കർശനമായി പാലിക്കാൻ എല്ലാ ഗവൺമെന്റ് സെക്രട്ടറിമാരും, വകുപ്പുദ്ധ്യക്ഷന്മാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.

ഒപ്പ് ചീഫ് സെക്രട്ടറി

ഇണ്ടാസ് നം.ജി2-49250/90 തീ.3.11.90

പകർപ്പ് എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അനന്തര നടപടിയ്ക്കും അറിവിനുമായി അയക്കുന്നു.

പകർപ്പ് എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ബ്രാഞ്ചാഫീസർമാർക്കും അറിവിനായി അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കുവേണ്ടി

കെ.എസ്.9.11